പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 559

27.9.2011-ൽ മറുപടിക്ക്

ധർമ്മടം മണ്ഡലത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ച രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധർമ്മടം മണ്ഡലത്തിലെ പിണറായിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ച രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ ഓരോ സ്ഥാപനത്തിനും പ്രവർത്തനം തുടങ്ങുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് തീരുവാനുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;<br><br>(സി) ഈ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | <u>(എ), (ബി) & (സി)</u><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധർമ്മടം മണ്ഡലത്തിലെ പിണറായിയിൽ **Kerala State Textiles Corporation Limited**-ന്റെ അധീനതയിൽ **Hi-Tech Weaving Mill**-ഉം, **TRACO Cable Company**-യുടെ യൂണിറ്റായി **House Wiring Cable Unit**-മാണ് സ്ഥാപിച്ചത്.<br><br>**Hi-Tech Weaving Mill**-ൽ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മെഷിനറികളെല്ലാം സ്ഥാപിച്ച് ഉൽപ്പാദനം ആരംഭിക്കുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് നമ്പർ ചില സാങ്കേതിക തടസ്സങ്ങളാൽ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഈ പദ്ധതിയിരിക്കുന്ന പ്രദേശം വ്യാവസായിക മേഖലയായി പ്രഖ്യാപിച്ച് ഇതിനു പരിഹാരം കാണുവാൻ വ്യവസായ വകുപ്പ് മന്ത്രിതലത്തിൽ നടത്തിയ മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. 2011 ഒക്ടോബറോട്കൂടി ഉദ്ഘാടനം നടത്തുവാൻ കഴിയുന്നതാണ്.<br><br>**House Wiring Cable Unit**-ൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപാദനം നടത്തുകയും ഉൽപ്പന്നം വിപണനം നടത്തുന്നതിനും സജ്ജമായിക്കഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. **Purchase preference** ലഭിക്കുന്നതിനായി **Store Purchase Act**-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ